സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - ഓഫീസ് അറ്റൻഡൻറ് - അന്യത്ര സേവനം കഴിഞ്ഞു പുനർ നിയമിച്ചത്- തിരികെ കോഴിക്കോട് ജില്ലയിൽ നിയമിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇഡി3/2811/2024 ജീവനക്കാര്യം(ഡി) വിഭാഗം 06-02-2025

വായന:-1 .കേരള രാജ്ഭവൻ സെക്രട്ടറിയുടെ 8-11-2024 തീയതിയിലെ GCI-85/2021 നംബർ ഉത്തരവ്
2. ഈ ഓഫ്ഫീസ്സിന്റെ 20-11-2024 തീയതിയിലെ ഇഡി3/2811/2024 നംബർ നടപടിക്രമം.

ഉത്തരവ്

ശ്രീ.അജി എം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഓഫീസ് അറ്റണ്ടൻറ് തസ്തികയിൽ ജോലി നോക്കി വരവേ കേരള രാജ്ഭവനിൽ ഓഫീസ് അറ്റണ്ടൻറ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുകയും ,തുടർന്നു വായന (1) പ്രകാരം ടിയാനെ അന്യത്ര വ്യവസ്ഥയിലുള്ള ജോലിയിൽ നിന്നും വിടുതൽ ചെയ്യുകയുമുണ്ടായി. എന്നാൽ കോഴിക്കോട് ജില്ലാ പിഎസ്സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ച ടിയാനെ പുനർ നിയമിക്കുവാൻ കോഴിക്കോട് ജില്ലയിലെ ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക നിലവിലില്ലാതിരുന്നതിനാൽ തിരുവനന്തപുരം ജില്ലയിലുള്ള സാങ്കേതിക പരീക്ഷ കണ്ട്രോളറുടെ കാര്യാലയത്തിൽ താൽക്കാലികമായി നിയമിക്കുകയുണ്ടായി.

കോഴിക്കോട് എഞ്ചിനീയറിങ് കോളേജിലെ ഓഫ്ഫീസ്സ് അറ്റണ്ടൻറ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ. സുന്ദരൻ .എ 31-12-2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതായി സ്ഥാപന മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീ. അജി.എം നെ താഴെ പറയുന്ന രീതിയിൽ കോഴിക്കോട് ജില്ലയിലേക്ക് തിരികെ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരൻറെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം അനുവദിച്ച് നിയമനം നല്കിയിരിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.അജി എം<br>വാച്ച്മാൻ<br>സാങ്കേതിക പരീക്ഷാ കണ്ട്രോളറുടെ കാര്യാലയം<br>തിരുവനന്തപുരം | സർക്കാർ എൻജിനിയറിങ് കോളേജ് ,കോഴിക്കോട്<br>(ശ്രീ സുന്ദരൻ.എ,ഓഫീസ് അറ്റൻറൻറ് വിരമിച്ച ഒഴിവിലേക്കു) |

നിലവിലെ സ്ഥാപന മേധാവി ടിയാനെ വിടുതൽ ചെയ്യേണ്ടതും, അപ്രകാരം ഉണ്ടാകുന്ന വാച്ച്മാൻറെ ഒഴിവ് പിഎസ്സി യ്ക്കു റിപ്പോർട്ട് ചെയ്തു നികത്തേണ്ടതുമാണ്.

Signed by
Deepa V
Date: 06-02-2025 14:42:30

Deepa V
SENIOR ADMINISTRATIVE OFFICER

പകർപ്പ്

1) ബന്ധപ്പെട്ട ജീവനക്കാരന്/സ്ഥാപന മേധാവികൾക്ക്
2) കരുതൽ ഫയൽ/ഓഫീസ് പകർപ്പ്